ശ്രീ. മാത്യൂ റ്റി. തോമസ് : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. മാത്യൂ റ്റി. തോമസ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

2. 2014-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) പദ്ധതിക്ക് നൽകിയ ഭേദഗതി

മി. സ്പീക്കർ : ശ്രീ. കെ. ശിവദാസൻ നായർ, അങ്ങേയ്ക്ക് 2014 നവംബർ 5-ാം തീയതിയിലെ സ.ഉ.(എം.എസ്.) നമ്പർ 05/2014/നോർക്ക (എസ്.ആർ.ഒ. നമ്പർ 688/2014) മുഖേന പുറപ്പെടുവിച്ച 2014-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) പദ്ധതിക്കുള്ള ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡിക 2 (1) (ii)-ൽ

"യഥാർത്ഥ വിമാന യാത്രാ ടിക്കറ്റ് നിരക്കോ" എന്നീ വാക്കുകൾക്ക് പകരം "യഥാർത്ഥ ഇക്കോണമി ക്ലാസ് വിമാന യാത്രാ ടിക്കറ്റ് നിരക്കോ" എന്നീ വാക്കുകൾ ചേർക്കുക.

9-ാം വകുപ്പ് 3-ാം ഉപവകുപ്പിലെ 1-ാം ഖണ്ഡത്തിൽ ഉൾപ്പെടുന്ന ഡയറക്ടർമാർക്ക് ബോർഡ് യോഗങ്ങളിൽ പങ്കെടുക്കുന്നതിന് ഒരു വർഷത്തിൽ ആകെ ഒരു ലക്ഷം രൂപയിൽ കവിയരുത് എന്ന നിബന്ധനയ്ക്ക് വിധേയമായി ഒരു യോഗത്തിന് 25,000 രൂപയോ യഥാർത്ഥ വിമാന യാത്രാ ടിക്കറ്റ് നിരക്കോ ഏതാണോ കുറവ് ആയത് യാത്രാപ്പടിയായി നൽകേണ്ടതാണ്. അതായത് എക്സിക്യൂട്ടീവ് ക്ലാസ് യാത്രാനിരക്ക് വരെ വാങ്ങിക്കാനുള്ള അവസരം ഇതുമൂലം ഉണ്ടാവുകയാണ്. അതിനാൽ 'ഇക്കോണമി ക്ലാസ് എന്ന് പ്രത്യേകമായി സ്പെസിഫൈ ചെയ്യേണ്ടത് ആവശ്യമാണ് എന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ടാണ് 'യഥാർത്ഥ ഇക്കോണമി ക്ലാസ് വിമാന യാത്രാ ടിക്കറ്റ് നിരക്കോ' എന്നീ വാക്കുകളാക്കി മാറ്റണമെന്ന് ഞാൻ ആവശ്യപ്പെട്ടത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ശ്രീ. കെ. ശിവദാസൻ നായർ ചൂണ്ടിക്കാണിച്ച എസ്.ആർ.ഒ. നമ്പർ 688/2014 പ്രകാരം പ്രവാസി ക്ഷേമനിധി ബോർഡിലെ യോഗങ്ങളിൽ പങ്കെടുക്കുന്ന മെമ്പർമാർക്ക് ഒരു വർഷത്തിലാകെ ഒരു ലക്ഷം രൂപയിൽ കവിയരുതെന്ന നിബന്ധനയ്ക്ക് വിധേയമായി ഒരു യോഗത്തിന് 25,000

LIBRARY ARCHIVES Kerala Legislative Assembly

രൂപയോ യഥാർത്ഥ വിമാന യാത്രാ ടിക്കറ്റ് നിരക്കോ ഏതാണ് കറവ് എന്ന നിലയിൽ യാത്രാപ്പടി വാങ്ങാവുന്നതാണ്. അദ്ദേഹം 'യഥാർത്ഥ വിമാന യാത്രാ ടിക്കറ്റിന് പകരം 'യഥാർത്ഥ ഇക്കോണമി ക്ലാസ് വിമാന യാത്രാ ടിക്കറ്റെന്നാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അതിൽ ഗവൺമെന്റിന് വിയോജിപ്പില്ല. കാരണം ഇവിടെ മുഖ്യമന്ത്രി പോലും യാത്ര ചെയ്യുന്നത് ഇക്കോണമി ക്ലാസിലാണ്. അതുകൊണ്ട് പ്രവാസി ക്ഷേമനിധി ബോർഡ് മെമ്പർമാർ ഇക്കോണമി ക്ലാസിൽ യാത്ര ചെയ്താൽ മതിയെന്ന ഭേദഗതി അംഗീകരിക്കുകയാണ്.

മി. സ്പീക്കർ : ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ചട്ടം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

VII ക്രമപ്രശ്നം

ചട്ടം പിൻവലിക്കുന്നത് സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ : സർ, ദേവസ്വം ബോർഡ് റിക്രൂട്ട്മെന്റ് ഓർഡിനൻസ് 30-5-2015-നാണ് പ്രസിദ്ധീകരിച്ചത്. അത് 5-ാം നമ്പർ ഓർഡിനൻസാണ്. അത് ജൂലൈ 19-ാം തീയതി ലാപ്സായി. ജൂലൈ 19-ാം തീയതി ലാപ്സായ ആ ഓർഡിനൻസിന്റെ ചട്ടം കൊണ്ടുവരുന്നത് ലാപ്സാകുന്നതിന് 3 ദിവസം മുമ്പ് അതായത് ജൂലൈ 16-ാം തീയതിയാണ്. ഈ ഓർഡിനൻസ് റീപ്ലെയ്സ് ചെയ്ത ബിൽ ഇപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. സബ്ജക്ട് കമ്മിറ്റിയുടെ മുമ്പിലുള്ള ബില്ലിന് സ്വാഭാവികമായും ഭേദഗതി കൊണ്ടുവരാം, ആ ബിൽ ആ രൂപത്തിൽത്തന്നെ കൊണ്ടുവരണമെന്നില്ല. സബ്ജക്ട് കമ്മിറ്റി കൊണ്ടുവരേണ്ട എന്ന് തീരുമാനിക്കുകയാണെങ്കിൽ അങ്ങനെയും ആകാം. അല്ലെങ്കിൽ ആ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിന് വേണ്ടി അയയ്ക്കണമെങ്കിൽ അതും ചെയ്യാം. എന്താണ് ബില്ലിൽ വരാൻ പോകുന്നതെന്ന് നമുക്കറിയാൻ സാധിക്കില്ല. അങ്ങനെയുണ്ടാക്കാൻ പോകുന്ന നിയമത്തിന് മുൻകൂട്ടി ചട്ടമുണ്ടാക്കുകയാണ്. ഓർഡിനൻസാണെങ്കിൽ ഇപ്പോൾ നിലവിലില്ല. അപ്പോൾ ഈ ചട്ടത്തിന് എന്ത് നിലനിൽപ്പാണുള്ളത് ? യഥാർത്ഥത്തിൽ അതീവ ഗുരുതര മായിട്ടുള്ള ഒരു പ്രശ്നമല്ലേ ഇത് ? ഉണ്ടാക്കാത്ത ഒരു നിയമത്തിന് മുൻകൂറായി ചട്ടമുണ്ടാക്കുകയാണ്. ഈ ചട്ടം പിൻവലിക്കണമെന്നതാണ് എന്റെ ക്രമപ്രശ്നം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം എ. കെ. ബാലൻ ഉന്നയിച്ചത്

LIBRARY ARCHIVES Kerala Legislative Assembly